# SECOND TERM EVALUATION 2022 - 2023

**A** **X - MATHEMATICS - DETAILED ANSWER KEY** **1003**

**1 മുതൽ 4 വരെയുള്ള ഓരോ ചോദ്യത്തിനും 2 സ്കോർ വീതം**

**1** തം.

ചിത്രത്തിൽ $\angle B = 90°$, $\angle C = 30°$, $AB = 3$ സെന്റിമീറ്റർ

a) $\angle A$ യുടെ അളവ് എത്രയാണ്?

b) BC യുടെ നീളം എന്ത്?

**(3 x 2 = 6)**




**ഉത്തരം**

a) $\angle A = 60^0$

b) $BC = 3\sqrt{3}$ സെ.മീ.

**2** ഒരു സമചതുരത്തിന്റെ വശങ്ങളെല്ലാം 1 മീറ്റർ കൂട്ടി വലുതാക്കിയപ്പോൾ പരപ്പളവ് 49 ചതുരശ്ര മീറ്ററായി. ആദ്യത്തെ സമചതുരത്തിന്റെ ഒരു വശത്തിന്റെ നീളം എന്തായിരുന്നു?

**ഉത്തരം**

$(x + 1)^2 = 49$

$x + 1 = \sqrt{49} = 7$ ==> $x = 7 - 1 = 6$ മീ.

**3** ചിത്രത്തിൽ OAPB ഒരു ചതുരം ആണ്. P യുടെ സൂചകസംഖ്യകൾ (7, 5) ആണ്.

a) A യുടെ സൂചകസംഖ്യകൾ എഴുതുക.

b) B യുടെ സൂചകസംഖ്യകൾ എഴുതുക.




**ഉത്തരം**

a) $(7 , 0)$

b) $(0 , 5)$

**SARATH A S , VMC GHS WANDOOR , MALAPPURAM**

**4**

PS, PT എന്നിവ O കേന്ദ്രമായ വൃത്തത്തിന്റെ തൊടുവരകളാണ്. $\angle SPT = 60°$ ആണ്.

a) $\angle SOT$ യുടെ അളവെന്ത്?

b) $\angle POT$ യുടെ അളവെന്ത്?




**ഉത്തരം**

a) $\angle SOT = 120^0$ ( കൂട്ടിമുട്ടുന്ന രണ്ടു വരകളെ തൊടുന്ന വൃത്തത്തിന്റെ കേന്ദ്രം ,

b) $\angle POT = 60^0$ വരകൾ ചേരുന്ന കോണിന്റെ സമഭാജിയിലാണ് )

**5 മുതൽ 10 വരെയുള്ള ഓരോ ചോദ്യത്തിനും 3 സ്കോർ വീതം .**

**5**

ABC എന്ന ത്രികോണത്തിൽ $\angle B = 90°$, AB = 3 സെന്റിമീറ്റർ, BC = 4 സെന്റിമീറ്റർ

a) AC യുടെ നീളം എന്ത്?

b) sin A, cos A എന്നിവ കണക്കാക്കുക?




**ഉത്തരം**

a) $AC = \sqrt{4^2 + 3^2} = \sqrt{16 + 9} = \sqrt{25} = 5$ സെ.മീ.

b) $\sin A = \frac{BC}{AC} = \frac{4}{5}$

$\cos A = \frac{AB}{AC} = \frac{3}{5}$

**6**

ചിത്രത്തിൽ A, B എന്നീ ബിന്ദുക്കളിൽ കൂടിയുള്ള തൊടുവരകൾ P യിൽ കൂട്ടിമുട്ടുന്നു.
$\angle ACB = 55°$

a) $\angle PAB$ യുടെ അളവെന്ത്?

b) $\angle P$ യുടെ അളവെന്ത്?



**ഉത്തരം**

a) $\angle PAB = \angle ACB = 55^0$

b) $\angle PBA = \angle PAB = 55^0 \quad (PA = PB)$

$\angle P = 180^0 - (55^0 + 55^0)$

$= 180^0 - 110^0 = 70^0$




**7**

ഒരു സമചതുരസ്തൂപിക മുറിച്ചു നിവർത്തി വച്ച രൂപമാണ് ചുവടെ കൊടുത്തിരിക്കുന്നത്.




a) സമചതുരസ്തൂപികയുടെ പാദവക്കിന്റെ നീളം എഴുതുക?

b) സ്തൂപികയുടെ ചരിവുയരം കാണുക

**ഉത്തരം**

a) $a = 10$

b) $\left(\frac{a}{2}\right)^2 + l^2 = e^2 \implies \left(\frac{10}{2}\right)^2 + l^2 = 13^2 \implies 5^2 + l^2 = 13^2$

$25 + l^2 = 169 \implies l^2 = 169 - 25 = 144 \implies l = \sqrt{144} = 12$

**8**

C കേന്ദ്രമായ വൃത്തത്തിന്റെ വ്യാസമാണ് AB.
B(8, 0), P(0, 4) ആണ്.

a) OA യുടെ നീളം കാണുക.

b) A യുടെ സൂചകസംഖ്യകൾ എഴുതുക.



**ഉത്തരം**

a) $OA \times OB = OP^2$ ==> $OA \times 8 = 4^2$ ==> $OA \times 8 = 16$

$OA = \frac{16}{8} = 2$

b) A യുടെ സൂചകസംഖ്യകൾ $= (-2, 0)$

**9**

$x$ ഒരു എണ്ണൽ സംഖ്യയെ സൂചിപ്പിക്കുന്നു

a) $x^2 + 8x$ നോട് ഏതു സംഖ്യ കൂട്ടിയാൽ ഒരു പൂർണവർഗം കിട്ടും?

b) $x^2 + 8x = 20$ ആയാൽ $x$ സൂചിപ്പിക്കുന്ന സംഖ്യ ഏത്?

**ഉത്തരം**

a) $\left(\frac{8}{2}\right)^2 = 16$

b) $(x + 4)^2 = 20 + 16$ ==> $(x + 4)^2 = 36$ ==> $x + 4 = \sqrt{36} = 6$

$x = 6 - 4 = 2$

**10**

a) O കേന്ദ്രമായ വൃത്തത്തിന്റെ തൊടുവരയാണ് PQ. $\angle OAQ$ ന്റെ അളവ് എത്രയാണ്?

b) 3.5 സെന്റിമീറ്റർ ആരമുള്ള ഒരു വൃത്തം വരച്ച് വൃത്തത്തിൽ A എന്ന ബിന്ദു അടയാളപ്പെടുത്തുക. A യിലൂടെ വൃത്തത്തിന് തൊടുവര വരക്കുക.




**ഉത്തരം**

a) $90^0$

b)



**11 മുതൽ 21 വരെയുള്ള ഓരോ ചോദ്യത്തിനും 4 സ്കോർ വീതം .**

**11** ഒരു സമചതുരസ്തൂപികയുടെ പാദപരപ്പളവ് 144 ചതുരശ്രസെന്റിമീറ്ററും ഉയരം 8 സെന്റിമീറ്ററും ആണ്.

a) സ്തൂപികയുടെ ഒരു പാദവക്കിന്റെ നീളം എന്താണ്?

b) ചരിവുയരം എന്താണ്?

c) പാർശ്വതല പരപ്പളവ് കണക്കാക്കുക?

**ഉത്തരം**

a) $a = \sqrt{144} = 12$ സെ.മീ.

b) $\left(\frac{a}{2}\right)^2 + h^2 = l^2 \implies \left(\frac{12}{2}\right)^2 + 8^2 = l^2 \implies 36 + 64 = l^2 \implies l^2 = 100$

$l = \sqrt{100} = 10$ സെ.മീ.

c) പാർശ്വതല പരപ്പളവ് $= 2al = 2 \times 12 \times 10 = 240$ ച.സെ.മീ.

**12** ചിത്രത്തിലെ ചതുരത്തിന്റെ വശങ്ങൾ അക്ഷങ്ങൾക്ക് സമാന്തരമാണ്. ചതുരത്തിന്റെ രണ്ട് എതിർ മൂലകളുടെ സൂചകസംഖ്യകൾ A (2,3), C (5,7) ആണ്.

a) മറ്റ് രണ്ട് മൂലകളുടെ സൂചകസംഖ്യകൾ എഴുതുക.

b) AC യുടെ നീളം കണക്കാക്കുക.




**ഉത്തരം**

a) B യുടെ സൂചകസംഖ്യകൾ $= (5, 3)$

D യുടെ സൂചകസംഖ്യകൾ $= (2, 7)$

b) $AC = \sqrt{(5-2)^2 + (7-3)^2} = \sqrt{25} = 5$

**13** നിരപ്പായ തറയിൽ ഭിത്തിയിൽ ചാരി വച്ചിരിക്കുന്ന ഒരു ഏണിയുടെ മുകളറ്റം ഭിത്തിയുടെ മുകളറ്റവുമായി ചേർന്നിരിക്കുന്നു. ഏണിയുടെ ചുവട് ഭിത്തിയിൽ നിന്നും 4 മീറ്റർ അകലെയാണ്. ഏണി തറയുമായി നിർണയിക്കുന്ന കോൺ $50^\circ$.

a) ഇത് സൂചിപ്പിക്കുന്ന ഒരു ഏകദേശ ചിത്രം വരക്കുക.

b) ഭിത്തിയുടെ ഉയരം കണക്കാക്കുക.

($\sin 50 = 0.77$, $\cos 50 = 0.64$, $\tan 50 = 1.19$)

<table>
<tr><td></td><td>

**ഉത്തരം**

a)




b) b) $\tan 50^0 = \dfrac{50^0 \text{ യുടെ എതിർവശം}}{50^0 \text{ യുടെ സമീപവശം}}$ ==> $\tan 50^0 = \dfrac{h}{4}$ ==> $1.19 = \dfrac{h}{4}$

$h = 4 \times 1.19 = 4.76$ മീ

</td></tr>
<tr><td>14</td><td>3 സെന്റിമീറ്റർ ആരമുള്ള ഒരു വൃത്തം വരക്കുക. കേന്ദ്രത്തിൽ നിന്നും 7 സെന്റിമീറ്റർ അകലെ P എന്ന ബിന്ദു അടയാളപ്പെടുത്തുക. P യിൽ നിന്നും വൃത്തത്തിന് തൊടുവരകൾ വരക്കുക.</td></tr>
<tr><td></td><td>

**ഉത്തരം**




</td></tr>
<tr><td>15</td><td>

ഒരു ചതുരത്തിന്റെ ചുറ്റളവ് 26 സെന്റിമീറ്ററും പരപ്പളവ് 40 ചതുരശ്ര സെന്റിമീറ്ററും ആണ്.

a) നീളം + വീതി എത്രയാണ്?

b) വീതി = $x$ എന്നെടുത്താൽ നീളം $x$ ഉൾപ്പെടുത്തക്കവിധം എഴുതുക.

c) ചതുരത്തിന്റെ നീളവും വീതിയും കണക്കാക്കുക.

</td></tr>
</table>




www.shenischool.in Telegram:https://t.me/joinchat/VggdwFAM7WwuQOCi

**ഉത്തരം**

a) 2 നീളം + 2 വീതി = 26 സെ.മീ. ==> നീളം + വീതി = $\frac{26}{2}$ = 13 സെ.മീ.

b) വീതി = $x$ ==> നീളം = $13 - x$

c) $x(13 - x) = 40$ ==> $13x - x^2 = 40$ ==> $x^2 - 13x + 40 = 0$

$$x = \frac{-b \pm \sqrt{b^2 - 4ac}}{2a} = \frac{-(-13) \pm \sqrt{(-13)^2 - 4 \times 1 \times 40}}{2 \times 1}$$

$$= \frac{13 \pm \sqrt{169 - 160}}{2} = \frac{13 \pm \sqrt{9}}{2} = \frac{13 \pm 3}{2}$$

$x = \frac{13 + 3}{2}$ അല്ലെങ്കിൽ $x = \frac{13 - 3}{2}$

$x = \frac{16}{2} = 8$ $x = \frac{10}{2} = 5$

വീതി = 5 സെ.മീ.

നീളം = 13 − 5 = 8 സെ.മീ.

**മറ്റൊരു രീതി**

$$x^2 - 13x + 40 = 0$$

$$x^2 - 13x = -40$$

$$x^2 - 13x + \left(\frac{13}{2}\right)^2 = -40 + \left(\frac{13}{2}\right)^2$$

$$\left(x - \frac{13}{2}\right)^2 = -40 + \left(\frac{169}{4}\right) \implies \left(x - \frac{13}{2}\right)^2 = \frac{-160 + 169}{4}$$

| | |
|---|---|
| | $\left(x - \frac{13}{2}\right)^2 = \frac{9}{4}$<br>$x - \frac{13}{2} = \sqrt{\frac{9}{4}}$<br>$x - \frac{13}{2} = \frac{3}{2}$ **അല്ലെങ്കിൽ** $x - \frac{13}{2} = \frac{-3}{2}$<br>$x = \frac{3}{2} + \frac{13}{2}$ $\quad$ $x = \frac{-3}{2} + \frac{13}{2}$<br>$x = \frac{3 + 13}{2}$ $\quad$ $x = \frac{-3 + 13}{2}$<br>$x = \frac{16}{2} = 8$ $\quad$ $x = \frac{10}{2} = 5$<br>വീതി $= 5$ സെ.മീ.<br>നീളം $= 13 - 5 = 8$ സെ.മീ. |
| 16 | ചിത്രത്തിൽ AB വ്യാസമായ വൃത്തത്തിന് P യിൽ നിന്ന് വരച്ചിരിക്കുന്ന തൊടുവരയാണ് PQ.<br>PA = 12 സെന്റിമീറ്റർ<br>PQ = 6 സെന്റിമീറ്റർ<br>a) PB യുടെ നീളം കാണുക?<br>b) വൃത്തത്തിന്റെ വ്യാസം എന്താണ്?<br><br> |
| | **ഉത്തരം**<br>a) $PA \times PB = PC^2$ ==> $12 \times PB = 6^2$ ==> $12 \times PB = 36$<br>$PB = \frac{36}{12} = 3$ സെ.മീ.<br>b) $AB = PA - PB = 12 - 3 = 9$ സെ.മീ. |
| 17 | (3, 0) എന്ന ബിന്ദു കേന്ദ്രമായി വരച്ചിരിക്കുന്ന വൃത്തത്തിലെ ഒരു ബിന്ദുവാണ് (6, 4).<br>a) വൃത്തത്തിന്റെ ആരം കണക്കാക്കുക.<br>b) വൃത്തം $x$ അക്ഷത്തെ മുറിച്ചു കടക്കുന്ന ബിന്ദുക്കളുടെ സൂചകസംഖ്യകൾ എഴുതുക? |

**ഉത്തരം**

a) ആരം $= \sqrt{(6-3)^2 + (4-0)^2} = \sqrt{25} = 5$

b) $(3+5\,,0) = (8\,,0)$ , $(3-5\,,0) = (-2\,,0)$

**18**

O കേന്ദ്രമായ വൃത്തത്തിന്റെ വ്യാസമാണ് AD. $\angle C = 40°$.

a) $\angle D =$ ______

b) $\angle ABD =$ ______

c) വൃത്തത്തിന്റെ വ്യാസം 6 സെന്റിമീറ്റർ ആയാൽ AB യുടെ നീളം കണക്കാക്കുക.
($\sin 40 = 0.64$, $\cos 40 = 0.77$, $\tan 40 = 0.84$)




**ഉത്തരം**

a) $\angle D = 40^0$ ( ഒരു ചാപം മറുചാപത്തിലുണ്ടാക്കുന്ന കോണുകൾ തുല്യമാണ് )

b) $\angle ABD = 90^0$ ( അർധവൃത്തത്തിലെ കോൺ മട്ടമാണ് )

c) ത്രികോണം ABD യിൽ , $\sin 40^0 = \frac{40^0 \text{ യുടെ എതിർവശം}}{\text{കർണം}}$ ==> $\sin 40^0 = \frac{AB}{6}$

$$0.64 = \frac{AB}{6}$$

$$AB = 0.64 \times 6 = 3.84$$ സെ.മീ.

**19**

a) O കേന്ദ്രമായ വൃത്തത്തിൽ $\angle POQ = 130°$ ആണ്.
$\angle A$ യുടെ അളവ് എത്രയാണ്?

b) ആരം 2.5 സെന്റിമീറ്റർ ആയ ഒരു വൃത്തം വരക്കുക. വശങ്ങൾ വൃത്തത്തെ തൊടുന്നതും രണ്ട് കോണുകൾ 50°, 60 ° വീതമുള്ളതുമായ ഒരു ത്രികോണം വരക്കുക.



**ഉത്തരം**

a) $\angle A = 50^0$

b)




**20**

0. ചിത്രത്തിൽ OAP ഒരു സമഭുജത്രികോണമാണ്. OA = 6 യൂണിറ്റ്.




a) A യുടെ സൂചകസംഖ്യകൾ എഴുതുക.

b) P യിൽ നിന്നും $x$ അക്ഷത്തിലേക്കുള്ള ലംബ ദൂരം കണക്കാക്കുക.

c) P യുടെ സൂചകസംഖ്യകൾ എഴുതുക?

**ഉത്തരം**

a) $(6\ ,\ 0)$

b) $3\sqrt{3}$

c) $(3\ ,\ 3\sqrt{3})$



**21**

ABC എന്ന ത്രികോണത്തിൽ AC = 8 സെന്റിമീറ്റർ, $\angle B = 50°$, $\angle C = 80°$

a) $\angle A$ യുടെ അളവ് എന്താണ്?

b) BC യുടെ നീളം എന്താണ്?

c) ത്രികോണത്തിന്റെ പരപ്പളവ് കണക്കാക്കുക.

(sin 80 = 0.98, cos 80 = 0.17, tan 80 = 5.67)




<u>ഉത്തരം</u>

a) $\angle A = 180^0 - (50^0 + 80^0) = 180^0 - 130^0 = 50^0$

b) $BC = 8$ സെ.മീ. $(\angle A = \angle B)$

c) AP ലംബം BC വരയ്ക്കുക .




ത്രികോണം APC യിൽ,

$$\sin 80^0 = \frac{80^0 \text{ യുടെ എതിർവശം}}{\text{കർണം}}$$

$$\sin 80^0 = \frac{AP}{AC} \implies 0.98 = \frac{h}{8}$$

$h = 0.98 \times 8 = 7.84$ സെ.മീ.

ത്രികോണം ABC യുടെ പരപ്പളവ് $= \frac{1}{2} \times BC \times h$

$= \frac{1}{2} \times 8 \times 7.84 = 31.36$ ച.സെ.മീ.

**22 മുതൽ 29 വരെയുള്ള ഓരോ ചോദ്യത്തിനും 5 സ്കോർ വീതം .**

**22**

ത്രികോണം PQR ന്റെ വശങ്ങൾ വൃത്തത്തെ A, B, C എന്നീ ബിന്ദുക്കളിൽ തൊടുന്നു. PQ = 10 സെന്റിമീറ്റർ, BR = 4 സെന്റിമീറ്റർ.

a) CR ന്റെ നീളം എന്താണ്?

b) QB + PC എത്രയാണ്?

c) ത്രികോണം PQR ന്റെ ചുറ്റളവ് കണക്കാക്കുക?

d) ചുറ്റളവ് 28 സെന്റിമീറ്ററും അന്തർവൃത്ത ആരം 2 സെന്റിമീറ്ററും ആയ ത്രികോണത്തിന്റെ പരപ്പളവ് എത്ര?




**SARATH A S , VMC GHS WANDOOR , MALAPPURAM**

**ഉത്തരം**




a) $CR = 4$ സെ.മീ.

b) $QB + PC = QA + PA = PQ = 10$ സെ.മീ.

c) ത്രികോണം PQR ന്റെ ചുറ്റളവ്

$= PQ + QR + PR$

$= 10 + (QB + BR) + (CR + CP)$

$= 10 + QB + 4 + 4 + CP$

$= 10 + 8 + QB + CP$

$= 10 + 8 + 10 = 28$ സെ.മീ.

d) $A = \frac{P}{2} \times r$ ==> പരപ്പളവ് $= \frac{28}{2} \times 2 = 28$ ച.സെ.മീ.

**23**

PQR എന്ന ത്രികോണത്തിൽ $\angle Q = 90°$, $\angle P = 15°$, $\angle PSR = 150°$, PS = 8 സെന്റിമീറ്റർ

a) $\angle PRS$ എന്താണ്?

b) SR ന്റെ നീളം എന്താണ്?

c) $\angle QSR$ കണക്കാക്കുക.

d) QS, QR എന്നിവയുടെ നീളം കണക്കാക്കുക.




**24**

**ഉത്തരം**

a) $\angle PRS = 180^0 - (15^0 + 150^0) = 180^0 - 165^0 = 15^0$

b) $SR = 8$ സെ.മീ. $(\angle SPR = \angle PRS)$

c) $\angle QSR = 180^0 - 150^0 = 30^0$

d) $QS = 4\sqrt{3}$ സെ.മീ.

$QR = 4$ സെ.മീ.




SARATH A S , VMC GHS WANDOOR , MALAPPURAM

www.shenischool.in Telegram:https://t.me/joinchat/VggdwFAM7WwuQOCi

**24**

ചിത്രത്തിൽ ത്രികോണം ABC യുടെ വശങ്ങൾ വൃത്തത്തെ P, Q, R എന്നീ ബിന്ദുക്കളിൽ തൊടുന്നു.




$\angle QPR = 60°$, $\angle PRQ = 50°$

a) $\angle BPQ$ ന്റെ അളവെന്താണ്?

b) $\angle B$ യുടെ അളവെന്താണ്?

c) ത്രികോണം ABC യുടെ മറ്റ് രണ്ടു കോണുകളുടെ അളവുകൾ കണക്കാക്കുക?

**ഉത്തരം**




a) $\angle BPQ = 50^0$

b) $\angle BPQ = \angle BQP = 50^0$

$\angle B = 180^0 - (50^0 + 50^0)$

$= 180^0 - 100^0 = 80^0$

c) $\angle CQR = 60^0$

$\angle CQR = \angle CRQ = 60^0$ ==> $\angle C = 180^0 - (60^0 + 60^0) = 180^0 - 120^0$

$= 60^0$

$\angle A = 180^0 - (80^0 + 60^0) = 180^0 - 140^0 = 40^0$

**25**

ഒരു സമചതുര സ്തൂപികയുടെ പാർശ്വമുഖങ്ങൾ സമഭുജത്രികോണങ്ങളാണ്. പാദവക്കിന്റെ നീളം 10 സെന്റീമീറ്റർ ആണ്.

a) സ്തൂപികയുടെ എല്ലാ വക്കുകളുടെയും ആകെ നീളം കണക്കാക്കുക.

b) ചരിവുയരം എത്രയാണ്?

c) ഉയരം എത്രയാണ്?

d) വ്യാപ്തം കണക്കാക്കുക.

**ഉത്തരം**

a) വക്കുകളുടെ ആകെ നീളം $= 8 \times 10 = 80$ സെ.മീ.

$(a = e = 10$ സെ.മീ.$)$

b) $l = 5\sqrt{3}$ സെ.മീ.




c) $\left(\frac{a}{2}\right)^2 + h^2 = l^2 \implies \left(\frac{10}{2}\right)^2 + h^2 = \left(5\sqrt{3}\right)^2$

$$25 + h^2 = 25 \times 3$$

$$h^2 = 75 - 25 = 50$$

$$h = \sqrt{50} = \sqrt{25 \times 2} = \; = \sqrt{50} = 5\sqrt{2}$$ സെ.മീ.

d) വ്യാപ്തം $= \frac{1}{3} \times a^2 h = \frac{1}{3} \times 10^2 \times 5\sqrt{2} = \frac{500\sqrt{2}}{3}$ ഘന.സെ.മീ.

**26**

a) $x$, $y$ സൂചകാക്ഷങ്ങൾ വരച്ച് A(-1, 2), B (3, 2), C(1, 5) എന്നീ ബിന്ദുക്കൾ അടയാളപ്പെടുത്തുക.

b) ഈ ബിന്ദുക്കൾ യോജിപ്പിച്ച് ത്രികോണം വരക്കുക.

c) AB ക്ക് സമാന്തരമായി C എന്ന ബിന്ദുവിൽ കൂടി വരക്കുന്ന വരയിലെ മറ്റൊരു ബിന്ദുവിന്റെ സൂചകസംഖ്യകൾ എഴുതുക.

<u>ഉത്തരം</u>

a)

b)




c) $(2\ ,\ 5)$ ( OR y സൂചകസംഖ്യ 5 ആയ ഏത് ബിന്ദുവും )

**27** ഒരു പുഴയുടെ കരയിൽ നിൽക്കുന്ന ഒരു കുട്ടി അക്കരെയോടു ചേർന്നു നിൽക്കുന്ന ഒരു മരത്തിന്റെ മുകളറ്റം $60°$ മേൽക്കോണിൽ കണ്ടു. 10 മീറ്റർ പുറകോട്ട് മാറി നോക്കിയപ്പോൾ അത് $30°$ മേൽക്കോണിലാണ് കണ്ടത്.

a) തന്നിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ഏകദേശ ചിത്രം വരക്കുക.

b) പുഴയുടെ വീതി കണക്കാക്കുക.

c) മരത്തിന്റെ ഉയരം കണക്കാക്കുക.

**ഉത്തരം**

**a)**




**b)**




**പുഴയുടെ വീതി** $= 5$ മീ.

**c) മരത്തിന്റെ ഉയരം** $= 5\sqrt{3}$ മീ.

**28** ABC എന്ന ത്രികോണത്തിൽ $AB = 7$ സെന്റിമീറ്റർ, $BC = 6.5$ സെന്റിമീറ്റർ $\angle B = 70°$, ത്രികോണം വരച്ചു ത്രികോണത്തിന്റെ മൂന്നു വശങ്ങളെയും തൊടുന്ന ഒരു വൃത്തം വരക്കുക.

**ഉത്തരം**



| 29 | ചുവടെ കൊടുത്തിട്ടുള്ള ആശയം വായിച്ചു മനസ്സിലാക്കിയ ശേഷം തുടർന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. |
|---|---|




ചിത്രത്തിൽ ചെറിയ വൃത്തം, ത്രികോണം ABC യുടെ അന്തർ വൃത്തവും വലിയ വൃത്തം ഒരു ബാഹ്യവൃത്തവും ആണ്. ത്രികോണത്തിന്റെ മൂന്നു വശങ്ങളേയും തൊടുന്ന വൃത്തമാണ് അന്തർവൃത്തം. എന്നാൽ ചിത്രത്തിൽ കാണുന്നതുപോലെ ഒരു ത്രികോണത്തിന്റെ 3 വശങ്ങളെയും ത്രികോണത്തിന് പുറത്ത് തൊടുന്ന വൃത്തത്തിന് ത്രികോണത്തിന്റെ ബാഹ്യവൃത്തം എന്നാണ് പേര്. AP, AR, CQ, CR, BQ, BP എന്നിവ ബാഹ്യ വൃത്തത്തിന്റെ തൊടുവരകളാണ്.

a) BQ = 3 സെന്റിമീറ്റർ ആണെങ്കിൽ BP യുടെ നീളം എത്രയാണ്?

b) CQ = 2 സെന്റിമീറ്റർ ആണെങ്കിൽ CR ന്റെ നീളം എത്രയാണ്?

c) AB = 6 സെന്റിമീറ്റർ, AC = 7 സെന്റിമീറ്റർ ആയാൽ ത്രികോണം ABC യുടെ ചുറ്റളവെത്രയാണ്.

d) AP എന്ന തൊടുവരയുടെ നീളം എത്രയാണ്?

e) ത്രികോണം ABC യുടെ ചുറ്റളവ് 30 സെന്റിമീറ്റർ ആയിരുന്നെങ്കിൽ AP എന്ന തൊടുവരയുടെ നീളം എത്രയാകും?

**ഉത്തരം**

**a)** 3 സെ.മീ.

**b)** 2 സെ.മീ.

**c)** 13 + *BC*

**d) ത്രികോണം ABC യുടെ ചുറ്റളവിന്റെ പകുതി .**

**e)** $\frac{30}{2} = 15$ സെ.മീ.